'ഭരണഭാഷ മാതൃഭാഷ'

# കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

തിരുവനന്തപുരം

ഫോൺ : 0471 2330167(O) , 2331546 (O) ഫാക്സ് : 0471 2331352

ഇ-മെയിൽ : keralasportscouncil@gmail.com

വെബ്സൈറ്റ് :www.sportscouncil.kerala.gov.in

ടി.പി.ദാസൻ
പ്രസിഡന്റ്
ഫോൺ : 9447167601, 0471 2325883 (P)
ഇ-മെയിൽ : president kssc@gmail com

മേഴ്സി കുട്ടൻ
വൈസ് പ്രസിഡന്റ്
ഫോൺ : 9447530575
ഇ-മെയിൽ : mercykuttan@gmail.com

സഞ്ജയൻ കുമാർ IFS
സെക്രട്ടറി
ഫോൺ : 0471-2333729(P)
ഇ-മെയിൽ : secretary1.kssc@gmail.com (O)
sanjayankumarifs@gmail.com (P)

<u>പ്രസിദ്ധീകരണത്തിന്</u>

**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ 2017 വർഷത്തെ ജി.വി.രാജ അവാർഡ് , സുരേഷ്ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ്, കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ള മറ്റു അവാർഡുകൾ, മാധ്യമഅവാർഡുകൾ,കോളേജ്/സ്കൂൾ/സെൻട്രലൈസ്ഡ് സ്പോർട്സ് അക്കാദമി വിഭാഗത്തിൽ ഏറ്റവും മികച്ച കായിക നേട്ടങ്ങൾ കൈ വരിച്ച പുരുഷ /വനിത കായിക താരങ്ങൾക്കുള്ള അവാർഡുകൾ എന്നിവയ്ക്കുയായി അപേക്ഷകൾ ക്ഷണിക്കുന്നു.**

1. **ജി.വി.രാജ അവാർഡ് 2017**

ദേശീയ/അന്തർദ്ദേശീയ കായിക രംഗത്ത് കേരളത്തെ പ്രതിനിധീകരിച്ച് മികച്ച പ്രകടനം കാഴ്ച വച്ച കേരളീയരായ കായികതാരങ്ങളെ 2017 ലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൻറെ പരമോന്നത ബഹുമതിയായ ജി.വി.രാജ അവാർഡിന് പരിഗണിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. മൂന്നു ലക്ഷം രൂപയും, ഫലകവും, പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. പുരുഷ, വനിതാ വിഭാഗങ്ങളിലായി ഓരോ കായിക താരങ്ങളെയായിരിക്കും അവാർഡിന് പരിഗണിക്കുന്നത്. അപേക്ഷകർ തങ്ങളുടെ കഴിഞ്ഞ നാലുവർഷത്തെ (2013 - 14 മുതൽ 2016 -17) വരെയുള്ള സാമ്പത്തിക വർഷകാലയളവിൽ ഒളിമ്പിക്സ്, അംഗീകൃത വേൾഡ് ചാമ്പ്യൻഷിപ്പുകൾ, ഏഷ്യൻ ഗെയിംസ്, അംഗീകൃത ഏഷ്യൻ ചാമ്പ്യൻ ചാമ്പ്യൻഷിപ്പുകൾ (സീനിയർ തലം), കോമൺവെൽത്ത് ഗെയിംസ് എന്നിവയിൽ പങ്കെടുത്ത് മെഡലുകൾ കരസ്ഥമാക്കിയവരും, നിലവിൽ സജീവമായി കായികരംഗത്തുള്ളവരും ആയിരിക്കണം.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന നിർദ്ദിഷ്ട ഫോറത്തിലെ അപേക്ഷയും, സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും

സഹിതം നേരിട്ടും, ബന്ധപ്പെട്ട അസോസിയേഷൻ മുഖേനയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജി.വി.രാജ അവാർഡ് മുൻകാലങ്ങളിൽ ലഭിച്ചവർ അപേക്ഷിക്കാൻ പാടുള്ളതല്ല.

2. <u>സുരേഷ്ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ്</u>

കേരള കായികരംഗത്തിന് സമഗ്ര സംഭാവനകൾ നൽകിയ ഒരു വ്യക്തിക്ക് ആജീവനാന്ത കായികനേട്ടങ്ങൾ പരിഗണിച്ച് നൽകുന്ന അവാർഡാണിത്. രണ്ടു ലക്ഷം രൂപയും, ഫലകവും, പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. അപേക്ഷകൾ സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം നേരിട്ടും, ബന്ധപ്പെട്ട അസോസിയേഷൻ മുഖേനയും സമർപ്പിക്കാവുന്നതാണ്

3. <u>മികച്ച കായിക പരിശീലകനുള്ള അവാർഡ്</u>

2018 -ലെ മികച്ച കായിക പരിശീലകനുള്ള അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. 1,00,000/- രൂപയും, ഫലകവും, പ്രശംസാപത്രവും അടങ്ങുന്നതാണ് അവർഡ്. കായികരംഗത്തെ പരിശീലന മികവിന്റെയും അടിസ്ഥാനത്തിലാണ് അവാർഡിന് തെരെഞ്ഞെടുക്കുന്നത്. കേരളത്തിൽ സേവനം അനുഷ്ഠിക്കുന്ന, കേരളത്തിലെ കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നവരെയാണ് ഈ അവാർഡിന് പരിഗണിക്കുന്നത്. അപേക്ഷകർ തങ്ങളുടെ കഴിഞ്ഞ നാലു വർഷത്തെ(2014 - 15 , 2017 -18 ) പരിശീലന മികവിന്റെയും പരിശീലനം നൽകിയ കായികതാരങ്ങളുടെ നേട്ടങ്ങളുടേയും വിശദവിവരങ്ങൾ ഉൾപ്പെടുന്ന രേഖകൾ സഹിതം അപേക്ഷി ക്കേണ്ടതാണ്.

4. <u>മികച്ച കായികാധ്യാപകൻ</u>

2017 -18 അദ്ധ്യയന വർഷത്തിൽ കായികരംഗത്ത് മികച്ച പ്രകടനം കാഴ്ചവച്ച സ്കൂൾ, കോളേജ്-കളിലെ കായികാദ്ധ്യാപകർക്ക്, കായിക നേട്ടത്തിൻറേയും, പരിശീലന മികവിൻറേയും അടിസ്ഥാനത്തിൽ, മികച്ച കായികാധ്യാപക അവാർഡിനായി അപേക്ഷി ക്കാവുന്നതാണ്.
ഓരോ വിഭാഗത്തിലും 50,000/- രൂപയും, ഫലക വും , പ്രശംസാപത്രവും അടങ്ങുന്നതാണ് അവാ ർഡ്.

5. <u>മികച്ച സ്കൂൾ</u>

2017 -18 അദ്ധ്യയന വർഷത്തിൽ മികച്ച കായികനേട്ടങ്ങൾ കരസ്ഥമാക്കിയ സ്കൂളിന് അവാർഡിന് അപേക്ഷിക്കാവുന്നതാണ്. കായിക നേട്ടങ്ങളുടെ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. 50,000/- രൂപയും, ഫലകവും, പ്രശംസാപത്രവും അടങ്ങുന്നതാണ് അവർഡ്.

6. <u>മികച്ച കോളേജ്</u>

2017 -18 അദ്ധ്യയന വർഷത്തിൽ മികച്ച കായികനേട്ടങ്ങൾ കരസ്ഥമാക്കിയ കോളേജിന് അവാർഡിന് അപേക്ഷിക്കാവുന്നതാണ്. കായിക നേട്ടങ്ങളുടെ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. 50,000/- രൂപയും, ഫലകവും, പ്രശംസാപത്രവും അടങ്ങുന്നതാണ് അവർഡ്.

7. <u>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മാധ്യമ അവാർഡുകൾ</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൻറെ 2018 ലെ മാധ്യമ അവാർഡുകൾക്കായി അപേക്ഷ ക്ഷണിയ്ക്കുന്നു. കേരളത്തിലെ അച്ചടി മാധ്യമ രംഗത്ത് ഏറ്റവും നല്ല സ്പോർട്സ് ലേഖകനും, സ്പോർട്സ് ഫോട്ടോ ഗ്രാഫർക്കും, കേരള കായിക രംഗത്തിൻറെ വികസനത്തിനുതകുന്ന പ്രത്യേക പരിപാടികൾ സംപ്രേക്ഷണം ചെയ്ത ദൃശ്യമാധ്യമത്തിനും, മികച്ച സ്പോർട്സ് പുസ്തകത്തിനുമാണ് അവാർഡ് നൽകുന്നത്. ഓരോ വിഭാഗത്തിലും 50,000/- രൂപയും, ഫലകവും, പ്രശംസാപത്രവും അടങ്ങുന്നതാണ് അവർഡ്.

2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പ്രസിദ്ധീകരിച്ച ലേഖനങ്ങളേയും, ചിത്രങ്ങളേയും, ഈ കാലയളവിൽ കേരള കായിക രംഗത്തിൻറെ വികസനത്തിനുതകുന്ന പ്രത്യേക പരിപാടികൾ സംപ്രേക്ഷണം ചെയ്ത ദൃശ്യ മാധ്യമ പരിപാടി കളേയും, ഈ കാലയളവിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളേയുമാണ് പുരസ്കാരത്തിന് പരിഗണിയ്ക്കുന്നത്. ഒരാളിൽ നിന്നും പരമാവധി 2 ലേഖനങ്ങളും, 2 ഫോട്ടോകളും, 2 സി.ഡി.കളും സ്വീകരിയ്ക്കും. പ്രത്യേക അപേക്ഷാഫാറം ഇല്ല. പൂർണ്ണമായ പേരും, മേൽവിലാസവും എഴുതിയ അപേക്ഷയോടൊപ്പം പ്രസിദ്ധീകരണത്തിൻറെ പേരും, തീയതിയും വ്യക്തമാക്കിയിരിയ്ക്കണം.

8) **കോളെജ് / സ്കൂൾ സ്പോർട്സ് <u>അക്കാദമി</u> (സ്പോർട്സ് ഹോസ്റ്റൽ )വിഭാഗത്തിൽ ഏറ്റവും മികച്ച കായിക നേട്ടങ്ങൾ കൈവരിച്ച പുരുഷ/വനിത കായിക താരങ്ങൾക്കുള്ള അവാർഡ്**

2017-18- സാമ്പത്തിക വർഷത്തിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റ കീഴിലുള്ള <u>കോളെജ് / സ്കൂൾ /സെൻട്രലൈസ്ഡ്</u> സ്പോർട്സ് അക്കാദമി (സ്പോർട്സ് ഹോസ്റ്റൽ ) വിഭാഗത്തിൽ ഏറ്റവും മികച്ച കായിക നേട്ടങ്ങൾ കൈവരിച്ച പുരുഷ/വനിത കായിക താരങ്ങൾക്കു ക്യാഷ് അവാർഡ് നൽകുന്നു. ഓരോ വിഭാഗത്തിലും 50,000/- രൂപയും, ഫലകവും, പ്രശംസാപത്രവും അടങ്ങുന്നതാണ് അവർഡ്.(സ്പോർട്സ് കൗൺസിലിന്റെ സ്കീമിലുള്ള കുട്ടികൾക്ക് മാത്രമേ അപേക്ഷിക്കാൻ കഴിയൂ )

അപേക്ഷകൾ കായികനേട്ടങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ബന്ധപ്പെട്ട ഹോസ്റ്റൽ അധികാരിയുടെ കൈയൊപ്പോടുകൂടി സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൾ 2018 സെപ്തംബർ 15 ന് മുൻപായി സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ്

കൗൺസിൽ, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.
(www.sportscouncil .kerala .gov.in )

തിരുവനന്തപുരം